# തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

BWS7 X

## സ്റ്റാൻഡേർഡ് X


## ജീവശാസ്ത്രം

---

**1. സംഭാഷണം ശ്രദ്ധിക്കു.**




**ചിത്രീകരണം വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**



a) A, B എന്നിവ തിരിച്ചറിയുക.


b) മറ്റ് അന്തഃസ്രാവി ഗ്രന്ഥികളെ നിയന്ത്രിക്കുന്ന ട്രോപ്പിക് ഹോർമോണുകളെ ഉല്പാദിപ്പിക്കുന്ന ഗ്രന്ഥി ഏത് ?

c) ട്രോപ്പിക് ഹോർമോണുകളുടെ പേരെഴുതുക .

d) ട്രോപ്പിക് ഹോർമോണുകളോടൊപ്പം A ഉല്പാദിപ്പിക്കുന്ന മറ്റ് ഹോർമോണുകൾ ഏതെല്ലാം?

**2. നീനുവിന്റെ സയൻസ് ഡയറിയിലെ പ്രസ്താവന വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**


ഹൈപ്പോതലാമസിലെ പ്രത്യേക നാഡീ കോശങ്ങൾ ഉൽപാദിപ്പിക്കുന്ന രണ്ട് ഹോർമോണുകളെ മറ്റൊരു ഗ്രന്ഥി സംഭരിച്ച് വയ്ക്കുകയും ആവശ്യാനുസരണം രക്തത്തിൽ കലർത്തുകയും ചെയ്യുന്നു.



a) നിങ്ങൾ ഈ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ?

b) ചുവടെ നൽകിയിരിക്കുന്ന ചിത്രീകരണം പൂർത്തിയാക്കി നിങ്ങളുടെ അഭിപ്രായം സാധൂകരിക്കുക.


tvpmednl dist




**3. പ്രസ്താവന ശ്രദ്ധിക്കൂ.**

> **ഹൈപ്പോതലാമസ് - മുഖ്യനിയന്ത്രകൻ**
>
> **വിവിധതരം റിലീസിങ് ഹോർമോണുകളും ഇൻഹിബിറ്ററി ഹോർമോണുകളും ഉല്പാദിപ്പിച്ച ഹൈപ്പോതലാമസ് പിറ്റ്യൂട്ടറി ഗ്രന്ഥിയെയും അതുവഴി മറ്റ് അന്തഃസ്രാവി ഗ്രന്ഥികളേയും നിയന്ത്രിക്കുന്നു.**

**ചുവടെ നൽകിയിരിക്കുന്ന ചിത്രീകരണം പൂർത്തിയാക്കി പ്രസ്താവന സാധൂകരിക്കുക.**




4. ചുവടെ നൽകിയിരിക്കുന്ന ശാരീരിക അവസ്ഥകൾ നിരീക്ഷിച്ച് പട്ടിക പൂർത്തിയാക്കുക.





tvpm edudist

| അവസ്ഥ | ലക്ഷണം | കാരണം |
|---|---|---|
| A................ | അമിതമായ ശരീര വളർച്ച | ........B............. |
| വാമനത്വം | വളർച്ച മുരടിക്കുന്നു | ........C............. |
| D............... | ...........E....... | വളർച്ചാ ഘട്ടത്തിനുശേഷം സൊമാറ്റോട്രോപ്പിന്റെ അമിതമായ ഉൽപ്പാദനം മൂലം. |

## 5. കുട്ടികളുടെ സംഭാഷണം ശ്രദ്ധിക്കുക.



**a) ഇവിടെ സൂചിപ്പിച്ചിരിക്കുന്ന ഹോർമോൺ ഏത് ?**

**b) ഈ ഹോർമോൺ ശരീരത്തിലെ ജലത്തിന്റെ അളവ് നിയന്ത്രിക്കുന്നതെങ്ങനെ ?**

**c) ഈ ഹോർമോൺ മഴക്കാലത്തും വേനൽക്കാലത്തും മൂത്രത്തിന്റെ അളവ് ക്രമീകരിക്കുന്നതെങ്ങനെ എന്ന ആശയം വ്യക്തമാകുന്നതിനായി ചുവടെ നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.**

| സൂചകങ്ങൾ | മഴക്കാലം/ തണുപ്പുകാലം | വേനൽക്കാലം |
|---|---|---|
| ഹോർമോൺ ഉൽപ്പാദനം | A | C |
| വൃക്കയിൽ നിന്നുള്ള ജലത്തിന്റെ പുനരാഗിരണം | B | കൂടുന്നു |
| മൂത്രത്തിന്റെ അളവ് | കൂടുന്നു | D |

**6. ഡോക്ടറും രോഗിയും തമ്മിലുള്ള സംഭാഷണം ശ്രദ്ധിക്കുക. ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക ഉത്തരമെഴുതുക.**




tvm ednl dist

**i)** എന്താണ് **ADH ?** ഈ ഹോർമോണിന്റെ മറ്റൊരു പേര് എഴുതുക.

**ii)** ഈ രോഗിയുടെ അവസ്ഥ എന്താണ് ?

**iii)** ഈ ഹോർമോണിന്റെ ഉല്പാദനത്തിലുള്ള കുറവ് മൂലം ഏതു ശാരീരിക പ്രവർത്തനമാണ് താളം തെറ്റുന്നത്?

---

tvpm ednl dist